ഉത്തരം

(എ) ആൻഡ് (ബി) ഉണ്ട്. ഭവനരഹിതരായ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ഘട്ടംഘട്ടമായി ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് ഇതു പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) 21775 അപേക്ഷകൾ ലഭിച്ചു.

(ഡി) 2968 പേർക്ക് ധനസഹായം നൽകി.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും കൃഷിഭൂമി വായ്പാ പദ്ധതി

86 [1430] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും കൃഷിഭൂമി വായ്പാ പദ്ധതി (എൻ. എസ്. എഫ്. ഡി. സി.)-ക്ക് ഇപ്പോഴും തുക അനുവദിച്ചിട്ടുണ്ടോ;

(ബി) കോർപ്പറേഷനിൽ നിന്നും ഈ പദ്ധതിക്കായി അപേക്ഷ ക്ഷണിച്ചിരുന്നുവോ; എങ്കിൽ ഈ അപേക്ഷകളിൻമേൽ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) ഈ പദ്ധതിക്ക് എന്നത്തേക്ക് തുക അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷ ക്ഷണിച്ചിരുന്നു. അപേക്ഷകരുമായുള്ള കൂടിക്കാഴ്ചയ്ക്കു ശേഷം 600 പേരെ തെരഞ്ഞെടുക്കുകയും ഇതിൽ 500-ലധികം ഗുണഭോക്താക്കൾക്ക് വായ്പ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇനി 250 ഗുണഭോക്താക്കളെ കൂടി പുതുതായി തെരഞ്ഞെടുക്കുന്ന നടപടി പുരോഗമിച്ചു വരുന്നു.

(സി) തെരഞ്ഞെടുക്കപ്പെട്ട 600 ഗുണഭോക്താക്കളിൽ അഞ്ഞൂറിലധികം ഗുണഭോക്താക്കൾക്ക് വായ്പ വിതരണം ചെയ്തിട്ടുണ്ട്. ഇവരിൽ അവശേഷിക്കുന്നവർക്ക് താമസിയാതെ വായ്പ വിതരണം പൂർത്തിയാക്കുന്നതാണ്. പുതുതായി വായ്പ വിതരണം ചെയ്യാനുദ്ദേശിക്കുന്ന 250 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടി പൂർത്തിയായശേഷം എൻ. എസ്. എഫ്. ഡി. സി.-യിൽ നിന്നും പണം ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വായ്പ വിതരണം ചെയ്യുന്നതാണ്.

കോർപ്പസ് ഫണ്ട് വിനിയോഗം

87 [1432] ശ്രീ. വി. കെ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ കോർപ്പസ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വിഭാഗത്തിൽ ഫണ്ട് സ്വരൂപിക്കുന്ന രീതിയും വിനിയോഗിക്കുന്ന രീതിയും വ്യക്തമാക്കാമോ;

(സി) 2005-06 സാമ്പത്തികവർഷം കോർപ്പസ് ഫണ്ടിൽ എത്ര കോടി രൂപ നിക്ഷേപമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) 2004-05 വർഷത്തിൽ എത്ര കോടി രൂപ ഈ ഇനത്തിൽ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ ഉപപദ്ധതി കോർപ്പസ് ഫണ്ട് എന്നത് പ്രത്യേക ബഡ്ജറ്റ് വിഹിതമുള്ള ഒരു പദ്ധതിയാണ്. ഇതിലേക്ക് ഫണ്ട് സ്വരൂപിക്കാറില്ല. സ്വയം തൊഴിൽ പദ്ധതി, മനുഷ്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ, ശുദ്ധജല വിതരണവും ശുചിത്വവും, നടപ്പാലങ്ങളും, കോളനി റോഡുകളുടെ നിർമ്മാണവും, സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ, വിദ്യാഭ്യാസ ആരോഗ്യ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്ത മറ്റ് വികസന പരിപാടികൾ എന്നിവയ്ക്കാണ് കോർപ്പസ് ഫണ്ട് വിനിയോഗിക്കാറുള്ളത്. പട്ടികജാതി വികസന വകുപ്പിന് കോർപ്പസ് ഫണ്ടിനത്തിൽ ലഭിക്കുന്ന തുക വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ഭൂമി വാങ്ങൽ, ഭവന നിർമ്മാണം, ശുദ്ധജല വിതരണം, വൈദ്യുതീകരണം, ആരോഗ്യ പരിപാലനം തുടങ്ങിയ അത്യാവശ്യ മേഖലകളിലും, സാമ്പത്തിക വികസന പരിപാടികളിലും മുൻഗണന നൽകി പ്രോജക്ടുകൾ തയ്യാറാക്കി വിനിയോഗിക്കുന്നു.

(സി) പട്ടികജാതി വികസന വകുപ്പിന് 2005-06 വർഷം 7283 ലക്ഷം രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിന് 635.45 ലക്ഷം രൂപയും കോർപ്പസ് ഫണ്ടിൽ വകകൊള്ളിച്ചിട്ടുണ്ട്.

(ഡി) 2004-05 വർഷം കോർപ്പസ് ഫണ്ടിൽ നിന്നും 5111 ലക്ഷം രൂപ ചെലവഴിച്ചതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

കേന്ദ്രത്തിൽ നിന്നുള്ള ധനസഹായം ലാപ്സായതിനെതിരെ നടപടി

88 [1433] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുവഴി സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രഗവൺമെന്റ് സഹായ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും 2001-02 സാമ്പത്തിക വർഷം ഉൾപ്പെടെ കഴിഞ്ഞ ഓരോ വർഷവും ബഡ്ജറ്റുകളിൽ വകയിരുത്തിയ തുക എത്ര വീതമാണെന്നും യഥാർത്ഥത്തിൽ എന്ത് തുക വീതം ചെലവഴിക്കുകയുണ്ടായി എന്നും വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും ഓരോ കേന്ദ്ര സഹായ പദ്ധതി ഇനത്തിലും എന്ത് തുക ലാപ്സായി; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly